പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4799 — 05.02.2014 ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയിൽ ഇ-പേയ്മെന്റ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃഷി വകുപ്പ് ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ കൃഷിവകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുകയുണ്ടായി.<br>ഓരോ പഞ്ചായത്തിലും വകുപ്പ്തല പദ്ധതികളുടെ ഗുണഭോക്താക്കളായ കർഷകരെ ഉൾപ്പെടുത്തി, കൃഷി ഓഫീസർ, പദ്ധതി തിരിച്ചുള്ള ക്ലെയിം തയ്യാറാക്കി, ബന്ധപ്പെട്ട ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കുന്നു. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ക്ലെയിമുകൾ പദ്ധതി അടിസ്ഥാനത്തിൽ ക്രോഡീകരിക്കുകയും ബില്ല് ട്രഷറിയിൽ മാറിതുകയും, കർഷകരുടെ ലിസ്റ്റും അക്കൗണ്ട് നിലവിലുള്ള ബാങ്കുകളിൽ നൽകുകയും ചെയ്യുന്നു. ബാങ്കിൽ നിന്നും തുക ഗുണഭോക്താക്കളായ കർഷകരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. |
| (ബി) വയനാട് ജില്ലയിൽ ഇ-പേയ്മെന്റ് സംവിധാനം കാര്യക്ഷമമായി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കുമോ; | (ബി) 2012-13 സാമ്പത്തിക വർഷം, ബാങ്കുകളുടെ സോഫ്റ്റ് വെയർ സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഇ-പേയ്മെന്റ് പ്രക്രിയയ്ക്ക് തുടക്കം കുറിച്ചത്. എന്നാൽ ഈ സാമ്പത്തിക വർഷം, ഇ-പേയ്മെന്റ് സംവിധാനം സംസ്ഥാനത്തൊട്ടാകെ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ധനകാര്യവകുപ്പിന്റെ നിർദ്ദേശപ്രകാരം നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയ, ഇലക്ട്രോണിക്സ് ബെനിഫിറ്റ് ട്രാൻസ്ഫർ ഫോർ ഗവൺമെന്റ് ഓഫ് കേരള എന്ന സോഫ്റ്റ്വെയർ സംവിധാനം ഉപയോഗപ്പെടുത്തിയാണ് ഈ സാമ്പത്തിക വർഷം ഇ-പേയ്മെന്റ് പ്രക്രിയ നടത്തുന്നത്. വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളായ കർഷകരുടെ ബാങ്ക് അക്കൗണ്ട് അടക്കമുള്ള വിശദാംശങ്ങൾ കൃത്യമായി തയ്യാറാക്കുന്നതിനും, ബാങ്കുകൾക്ക് ആവശ്യമായ ഫോർമാറ്റിൽ നൽകുന്നതിനും കഴിയും. കൂടാതെ തുക |

തിരസ്കരിക്കപ്പെടുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിൽ, പദ്ധതി, ബിൽനമ്പർ, കൃഷി ഭവൻ തുടങ്ങിയ വിശദാംശങ്ങൾ കൂടി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കർഷകരെ നേരിട്ട് ബന്ധപ്പെട്ട് പരിഹരിക്കുവാൻ ഇതുമൂലം സാദ്ധ്യമാകും. കൂടാതെ മൊബൈൽ ഫോൺ ഉള്ള കർഷകർക്ക് തുക കൈമാറിയ അല്ലെങ്കിൽ തിരസ്കരിക്കപ്പെട്ട വിവരം എസ് എം.എസ് ആയി അറിയിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇപ്രകാരം തുക ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. സോഫ്റ്റ്‌വെയർ സംവിധാനം ഫലപ്രദമായി ഉപയോഗിക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം എൻ.ഐ.സി.യുടെ സഹായത്തോടെ ജില്ലാടിസ്ഥാനത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സോഫ്റ്റ്‌വെയറിന്റെ ബാങ്കുകളുമായുള്ള ടെസ്റ്റിങ്ങ് നടന്നുവരുന്നുണ്ട്. ഫെബ്രുവരിയിൽ പുതിയ സോഫ്റ്റ് വെയർ നൽകുന്നതോടെ പരാതികൾ പരിഹരിക്കുന്നതിനും കഴിയും.

**(സി)** ജില്ലയിൽ ഇ-പേയ്മെന്റ് സംവിധാനത്തിൽ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ട് എന്നതിന്റെ വിശദാംശം താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

**(സി)** ജില്ലയിൽ നാലു ബ്ലോക്കുകളിലും കൂടി ആകെ 79602 പേർ അംഗങ്ങളായിട്ടുണ്ട്.

| | |
|---|---|
| കൽപ്പറ്റ | -32541 |
| മാനന്തവാടി | -15521 |
| സുൽത്താൻബത്തേരി | -16200 |
| പനമരം | -15340 |
| ആകെ | 79602 |

സെക്ഷൻ ഓഫീസർ